©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2017 ഫെബ്രുവരി 9<br>9th February 2017<br>1192 മകരം 27<br>27th Makaram 1192<br>1938 മാഘം 20<br>20th Magha 1938 | നമ്പർ<br>No. 241 |

## കേരള സർക്കാർ

### സാംസ്കാരികകാര്യ (സി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (കൈയെഴുത്ത്) നമ്പർ 1/2017/സാം.കാ.വ.

*തിരുവനന്തപുരം, 2017 ഫെബ്രുവരി 7*
*1192 മകരം 25.*

**എസ്. ആർ. ഒ. നമ്പർ 68/2017.**—2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011-ലെ 6) 8-ാം വകുപ്പ് (1), (4), (5), (6) എന്നീ ഉപവകുപ്പുകൾ പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2013 ഡിസംബർ 12-ാം തീയതിയിലെ ജി. ഒ. (എംഎസ്.) നമ്പർ 50/2013/സാം.കാ.വ. ഉത്തരവുപ്രകാരം പുറപ്പെടുവിച്ചതും, 2013 ഡിസംബർ 21-ാം തീയതിയിലെ 3551-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 997/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന

പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, താഴെപ്പറയുന്ന ഡയറക്ടർമാരെ ഉൾപ്പെടുത്തി, ഇതിനാൽ പുനഃസംഘടിപ്പിക്കുന്നു, അതായത്:—

| | | | |
|---|---|---|---|
| 1. | ശ്രീ. പി. ശ്രീകുമാർ,<br>റ്റി.സി. 6/751, ആനന്ദ നഗർ,<br>VARA-595, വട്ടിയൂർക്കാവ് പി. ഒ.,<br>തിരുവനന്തപുരം | .. | സിനിമ മേഖലയെ പ്രതിനിധീകരിക്കുന്ന ഡയറക്ടർ |
| 2. | ശ്രീ. ഡി. മോഹൻകുമാർ,<br>നിള, വിളവൂർക്കൽ,<br>മലയിൻകീഴ് പി. ഒ.,<br>തിരുവനന്തപുരം-695 571 | .. | സിനിമ മേഖലയെ പ്രതിനിധീകരിക്കുന്ന ഡയറക്ടർ |
| 3. | ശ്രീ. ശാന്തിവിള ദിനേശ്,<br>അക്ഷര, ശാന്തിവിള,<br>നേമം പി. ഒ.,<br>തിരുവനന്തപുരം-20 | .. | സിനിമ മേഖലയെ പ്രതിനിധീകരിക്കുന്ന ഡയറക്ടർ |
| 4. | ശ്രീ. രവീന്ദ്രൻ കൊടക്കാട്,<br>പി. ഒ. കൊടക്കാട്,<br>തൃക്കരിപ്പൂർ വഴി,<br>കാസർഗോഡ്-671 310 | .. | കലയെ പ്രതിനിധീകരിക്കുന്ന ഡയറക്ടർ |
| 5. | ശ്രീ. രാജേഷ്, സി. എൻ.,<br>ചിത്തിര, കാവുംഭാഗം,<br>തിരുവല്ല | .. | നാടക മേഖലയെ പ്രതിനിധീകരിക്കുന്ന ഡയറക്ടർ |
| 6. | ശ്രീ. ജാസിഗിഫ്റ്റ്,<br>റെയിൻബോ വില്ല,<br>നമ്പർ 9, കാഞ്ഞിരകാട് പി. ഒ.,<br>റയോൺപുരം, പെരുമ്പാവൂർ | .. | സംഗീത മേഖലയെ പ്രതിനിധീകരിക്കുന്ന ഡയറക്ടർ |
| 7. | സെക്രട്ടറി,<br>സാംസ്കാരിക വകുപ്പ് | .. | എക്സ് ഒഫീഷ്യോ ഡയറക്ടർ |
| 8. | അഡീഷണൽ സെക്രട്ടറി,<br>നിയമനിർമ്മാണ (ഡി) വകുപ്പ് | .. | എക്സ് ഒഫീഷ്യോ ഡയറക്ടർ |
| 9. | ജോയിന്റ് സെക്രട്ടറി,<br>ധനകാര്യ (എഡ്യു) വകുപ്പ് | .. | എക്സ് ഒഫീഷ്യോ ഡയറക്ടർ |



| | | | |
|---|---|---|---|
| 10. | സെക്രട്ടറി,<br>കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, ശാസ്തമംഗലം,<br>തിരുവനന്തപുരം | .. | എക്സ് ഒഫീഷ്യോ ഡയറക്ടർ |
| 11. | മാനേജിംഗ് ഡയറക്ടർ,<br>കെ.എസ്.എഫ്.ഡി.സി.,<br>വഴുതക്കാട്, തിരുവനന്തപുരം | .. | എക്സ് ഒഫീഷ്യോ ഡയറക്ടർ |
| 12. | സെക്രട്ടറി,<br>കേരള ഫോക്‌ലോർ അക്കാദമി,<br>ചിറയ്ക്കൽ, കണ്ണൂർ | .. | എക്സ് ഒഫീഷ്യോ ഡയറക്ടർ |
| 13. | സെക്രട്ടറി,<br>കേരള സാഹിത്യ അക്കാദമി,<br>തൃശ്ശൂർ | .. | എക്സ് ഒഫീഷ്യോ ഡയറക്ടർ |
| 14. | സെക്രട്ടറി,<br>കേരള സംഗീത നാടക അക്കാദമി,<br>തൃശ്ശൂർ | .. | എക്സ് ഒഫീഷ്യോ ഡയറക്ടർ |
| 15. | സെക്രട്ടറി,<br>കേരള ലളിതകലാ അക്കാദമി,<br>തൃശ്ശൂർ | .. | എക്സ് ഒഫീഷ്യോ ഡയറക്ടർ |
| 16. | രജിസ്ട്രാർ,<br>കേരള കലാമണ്ഡലം,<br>വള്ളത്തോൾ നഗർ,<br>ചെറുതുരുത്തി, തൃശ്ശൂർ | .. | എക്സ് ഒഫീഷ്യോ ഡയറക്ടർ |

പ്രസ്തുത ആക്റ്റിലെ 8-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ശ്രീ. പി. ശ്രീകുമാറിനെ ബോർഡിന്റെ ചെയർമാനായി നിയമിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്,

*സെക്രട്ടറി, സാംസ്കാരിക വകുപ്പ്.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011-ലെ 6) 8-ാം വകുപ്പ് (1), (4), (5) എന്നീ ഉപവകുപ്പുകൾ 10-ാം വകുപ്പും കൂട്ടിവായിച്ചപ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2014 മാർച്ച് 24-ാം തീയതിയിലെ, ജി. ഒ. (എംഎസ്.) നമ്പർ 14/2014/സാം.കാ.വ. ഉത്തരവായി പുറപ്പെടുവിച്ചതും, 2014 മാർച്ച് 31-ാം തീയതിയിലെ 984-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 226/2014 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം പുനഃസംഘടിപ്പിച്ച കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലെ അനൗദ്യോഗിക ഡയറക്ടർമാരുടെ കാലാവധി അവസാനിച്ചിട്ടുള്ളതിനാൽ പ്രസ്തുത ബോർഡ്, വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള ഡയറക്ടർമാരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.